മിച്ചവരുമായ മുഴുവൻ പേർക്കും പെൻഷൻ നൽകുന്നതിനും പെൻഷൻ കൊടുത്തു തുടങ്ങിയവർക്കുള്ള ഒരു വർഷക്കാലത്തെ കുടിശ്ശിക ഉടൻതന്നെ നൽകുന്നതിനും അടിയന്തിരമായ നടപടി ഉണ്ടാകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമപദ്ധതി നിലവിൽ വരുന്നതിനുമുമ്പ് കശുവണ്ടി ഫാക്ടറികളിൽ നിന്നും റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് കൂടി പെൻഷൻ ബാധകമാകും വിധമാണ് ക്ഷേമനിധി പദ്ധതി 1997-ൽ ഭേദഗതി ചെയ്തത്. ഇതിനാവശ്യമായ മുഴുവൻ തുകയും സർക്കാർ നൽകേണ്ടതുണ്ട്. പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഏകദേശം മൂവായിരത്തോളം തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് 18.1.1998-ൽ 49.5 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. നാളിതുവരെ 1997 ഡിസംബർ മുതൽ 1998 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം ഇതിന് ലഭിച്ച വ്യാപകമായ പ്രചാരണംമൂലം അപേക്ഷകരുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇപ്പോൾതന്നെ ഈ പദ്ധതി പ്രകാരം തൊഴിലാളി വിഭാഗത്തിലുള്ള 8,280 പേർക്കും 125/- രൂപ നിരക്കിലും സ്റ്റാഫ് വിഭാഗത്തിലുള്ള 463 പേർക്ക് 200 രൂപ നിരക്കിലും പെൻഷൻ നൽകി വരുന്നുണ്ട്. ഇതു കൂടാതെ തൊഴിലാളി വിഭാഗത്തിലുള്ള 2,914 പേർക്കും സ്റ്റാഫ് വിഭാഗത്തിലുള്ള 200 പേർക്കും പുതിയതായി പെൻഷൻ അനുവദിക്കേണ്ടതുണ്ട്. ഈ ഇനത്തിൽ 8/98 മുതൽ 3/99 വരെ പെൻഷൻ വിതരണത്തിനാവശ്യമായ 1.98 കോടി രൂപയും 4/99 മുതൽ 2/2000 വരെ ആവശ്യമായ 1.69 കോടി രൂപയും കൂടി ചേർത്ത് ആകെ 3.67 കോടി രൂപ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അത് കിട്ടുന്ന മറുയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(12) വണ്ടൂർ നിയോജകമണ്ഡലത്തിൽ ശുദ്ധജലം എത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. കണ്ണൻ : സർ, വണ്ടൂർ നിയോജകമണ്ഡലത്തിലെ ഇപ്പോൾ നിലവിലുള്ള ഒരു വാട്ടർ സപ്ലൈ സ്കീമാണ് വണ്ടൂർ വാട്ടർസപ്ലൈ സ്കീം. അതിന്റെ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം എന്നുപറഞ്ഞ് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുകയാണ്. 18 ലക്ഷം രൂപയാണ് അതിന്റെ ചെലവ്. അതിന്റെ പ്രവർത്തി അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. അതുപോലെതന്നെ കഴിഞ്ഞ 4 കൊല്ലങ്ങൾക്കുമുമ്പ് മലപ്പുറം ജില്ലയിലെ 4 നിയോജകമണ്ഡലങ്ങളിൽ നെതർലെന്റ് ഗവൺമെന്റിന്റെ സ്കീം പ്രകാരം എല്ലാ പഞ്ചായത്തുകളിലും കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഏർപ്പെടുത്തി സർവ്വേ നടത്തിയതാണ്. വണ്ടൂർ നിയോജകമണ്ഡലത്തിലും സർവ്വേ നടത്തി. പക്ഷെ അതിന്റെ ഇന്നത്തെ അവസ്ഥ എന്താണ് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായി അറിയില്ല. അങ്ങനെ ഈ സർവ്വേയിൽ ഉൾപ്പെടുന്ന സ്ഥലത്ത് അടിയന്തിരമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. അതോടൊപ്പം എടവണ്ണ ഗ്രാമ പഞ്ചായത്തിലെ മുണ്ടേങ്ങര വാട്ടർ സപ്ലൈ സ്കീമിന്റെ പേപ്പറുകൾ ഇപ്പോഴും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അടുത്താണ്. പല പ്രാവശ്യം ഇത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നതാണ്. ഈ 3 വാട്ടർ സപ്ലൈ സ്കീമും അടിയന്തിരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 20 എൽ.പി.സി.ഡി.യിൽ താഴെയുള്ള പദ്ധതികൾക്ക് വെള്ളം നൽകുന്നതിനുവേണ്ടിയുള്ള എൽ.സി.പി.ഡി.യിൽ ഉൾപ്പെടുത്തി വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടൂർ ശുദ്ധജല വിതരണ പദ്ധതിക്ക് 41.82 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. വണ്ടൂർ യത്തീംഖാന കോമ്പൗണ്ടിൽ മൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു സംഭരണി പണിയാനും 75 എം.എം., 63 എം.എം. എന്നീ പൈപ്പുകൾ 5 കിലോമീറ്റർ വീതം ഒന്നും, രണ്ടും വാർഡുകളിലേയ്ക്ക് നീട്ടുവാനും രണ്ട് പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കുവാനും നിലവിലുള്ള 125 എം.എം.എ.സി. പമ്പിംഗ് മെയിൻ മാറ്റി 200 എം.എം.സി.ഐ. ആക്കുവാനുമുള്ള പ്രൊപ്പോസലിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. യത്തീംഖാന കോമ്പൗണ്ടിൽ ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഫണ്ടും സാധന സാമഗ്രികളും ലഭ്യമാക്കി പണികൾ നടത്തുന്നതാണ്. എടവണ്ണ ഗ്രാമപഞ്ചായത്ത് വാർഡ് 6, മുണ്ടേങ്ങര ഭാഗത്ത് ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് ഷോർട്ട് ടേം സ്കീമിൽപ്പെടുത്തി 9.5 ലക്ഷം രൂപയുടെ വർക്ക് 7.5.1996-ൽ ടെണ്ടർ ചെയ്തു. ഉയർന്ന റേറ്റ് ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്ത് 6/96-ലെ പുതുക്കിയ നിരക്കിൽ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ 55 ലക്ഷത്തിൽ കുറവുള്ള വർക്കുകൾ പഞ്ചായത്ത് തന്നെ നേരിട്ട് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് 19.3.1998-ൽ ഇറങ്ങിയതിനെതുടർന്ന് ഈ പദ്ധതി പഞ്ചായത്ത് തന്നെ നടപ്പാക്കേണ്ടിയിരിക്കുകയാണ്. വണ്ടൂർ നിയോജക മണ്ഡലത്തിലെ വണ്ടൂർ, വിളയൂർ, ചീക്കോട്, തിരുവാലി, എടവണ്ണ, പെരകമണ്ണ, മമ്പാട്, കാരക്കുന്ന്, പുള്ളിപ്പാടം, ഏലംകുളം, തൃക്കലങ്ങോട്, പോരൂർ, ചെമ്പ്രശ്ശേരി, വെട്ടാട്ടിരി എന്നീ വില്ലേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് ചാലിയാർ പുഴ സ്രോതസ്സാക്കി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൊണ്ട് 3,71,620 പേർക്ക് പ്രയോജനം ലഭിക്കും. കേന്ദ്ര ഗവൺമെന്റിന്റെ എ.ആർ.പി. പ്രകാരമുള്ള ധനസഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. നെതർലാന്റ് ഗവൺമെന്റും എസ്.ഇ.യു. ഫൗണ്ടേഷനും സംയുക്തമായി ഒരു ശുദ്ധജല വിതരണ പദ്ധതി മലപ്പുറം ജില്ലയിൽ നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നുവെങ്കിലും വാട്ടർ അതോറിറ്റിക്ക് ഇതിനായി ഇതുവരെ സഹായമൊന്നും ലഭിച്ചിട്ടില്ല.

(13) കേരള തണ്ടാർ മഹാസഭ നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ്ണ

ശ്രീ. എം. മുരളി : സർ, മരം കയറ്റം, തെങ്ങുകയറ്റം എന്നിവ കുലത്തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഏതാണ്ട് 10 ലക്ഷത്തോളം വരുന്ന തണ്ടാർ സമുദായത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമുദായിക സംഘടനയായ കേരള തണ്ടാർ മഹാസഭ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തുകയാണ്. ആ സമുദായം മുന്നോട്ടു വച്ചിരിക്കുന്നത് അവരുടെ കുലത്തൊഴിലായ മരം കയറ്റ തൊഴിലിൽ ഏർപ്പെടുന്ന ജനവിഭാഗങ്ങളുടെ സുപ്രധാനമായ മൂന്നു ആവശ്യങ്ങളാണ്. കഴിഞ്ഞ ദിവസം ഇത് സഭയിലും വന്നതാണ്. അങ്ങ് ഭാഗികമായി മറുപടി പറഞ്ഞതാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യം മരം കയറ്റം നടത്തുന്ന തൊഴിലാളിക്ക് അപകടമുണ്ടായാലോ, അപകട മരണമുണ്ടായാലോ 10,000 രൂപ മാത്രമാണ് ഇപ്പോൾ നൽകുന്നത്. അത് 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഒന്നാമത്തെ ആവശ്യം. കടലിൽപോയി

LIBRARY ARCHIVES Kerala Legislative Assembly